**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 321** **05-08-2021 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭകരുടെ പരാതി പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീർ ,<br>പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ . ടി. വി. ഇബ്രാഹിം ,<br>ശ്രീ എ കെ എം അഷ്‌റഫ് | | Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യവസായ സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന് നിലവിലുള്ള സംവിധാനം പര്യാപ്തമല്ല എന്ന് വിലയിരുത്തിയിട്ടുണ്ടോ; | (എ) | നിക്ഷേപകരുടെ പരാതി, ബുദ്ധിമുട്ടുകൾ എന്നിവ സമയബന്ധിതമായി പരിഹരിക്കാൻ സംസ്ഥാനത്ത് ഒരു സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നതിലേക്കായി ഒരു നിയമനിർമ്മാണം നടത്തുവാൻ 20.05.2021 ലെ ആദ്യ മന്ത്രിസഭായോഗത്തിൽ തീരുമാനിക്കുകയും പ്രസ്തുത കമ്മിറ്റി രൂപീകരിക്കുന്നതിനുള്ള നിയമനിർമ്മാണത്തിനുള്ള നടപടികൾ അന്തിമഘട്ടത്തിലുമാണ്. വിവിധ വകുപ്പുകൾ സംരംഭകർക്ക് ലഭ്യമാക്കേണ്ട അനുമതികൾക്കായുള്ള അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കിയില്ലെങ്കിൽ അത്തരം പരാതികൾ പരിഗണിക്കുന്നതിനും അവ സമയബന്ധിതമായി പരിഹരിക്കുന്നതിനും വേണ്ടിയാണ് സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. 1999-ലെ കേരള വ്യവസായ ഏകജാലക ബോർഡുകളും വ്യവസായ നഗരപ്രദേശ വികസനവും നിയമത്തിൽ ആവശ്യാനുസൃതമായ ഭേദഗതികൾ വരുത്തിക്കൊണ്ടാണ് ഈ കമ്മിറ്റി രൂപീകരിക്കുന്നത്. ഇതിനുവേണ്ടിയുള്ള കരട് നിയമഭേദഗതി മന്ത്രിസഭായോഗം അംഗീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ വ്യവസായ പുരോഗതിയും അതുപോലെ സംരംഭകരുടെ പ്രശ്നങ്ങൾ നേരിട്ട് മനസ്സിലാക്കുന്നതിനുമായി വ്യവസായ കയർ നിയമ വകുപ്പ് മന്ത്രി ജില്ലാ അടിസ്ഥാനത്തിൽ നേരിട്ട് സംരംഭകരുമായി ആശയ വിനിമയം നടത്തുന്ന 'മീറ്റ് ദി മിനിസ്റ്റർ' എന്ന പ്രോഗ്രാമിന് തുടക്കം കുറിച്ചിട്ടുണ്ട്. നിലവിലെ വ്യവസായ പുരോഗതി വിലയിരുത്തുന്നതിനും, കൂടുതൽ പുരോഗതി കൈവരിക്കുന്നതിനും സംസ്ഥാനത്തെ വ്യവസായ മേഖലയെ പ്രതിനിധാനം ചെയ്യുന്ന വിവിധ |

| | | | |
|---|---|---|---|
| | | | സംഘടനകളായ KSSIA, FICCI, CII തുടങ്ങിയവയുടെ പ്രതിനിധികളുമായി വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് നിരവധി തവണ കൂടിക്കാഴ്ച നടത്തിയിരുന്നു. വ്യവസായ സംഘടനകൾ എല്ലാം തന്നെ സംസ്ഥാനത്തെ നിക്ഷേപ സൗഹൃദാന്തരീക്ഷത്തെ പിന്തുണച്ചിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ വ്യവസായികളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി താലൂക്ക്, ജില്ലാ, സംസ്ഥാന തലങ്ങളിൽ സംവിധാനങ്ങൾ നിലവിലുണ്ട്.എന്നിരുന്നാലും നിലവിലെ സംവിധാനത്തിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തി പരിഷ്കരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ടി സ്റ്റാറ്റ്യൂട്ടറി ഗ്രീവൻസ് റിഡ്രസ്സൽ കമ്മിറ്റി രൂപീകരിക്കുന്നത്. |
| (ബി) | സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിനായി ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ; | (ബി) | നിലവിൽ സംസ്ഥാനതലത്തിൽ ഐ.എ.എസ് റാങ്കിലുള്ള വ്യവസായ വാണിജ്യ ഡയറക്ടറുടെ സേവനവും ജില്ലാ തലത്തിൽ, വ്യവസായ വാണിജ്യ വകുപ്പ് ജോയിന്റ് ഡയറക്ടർ റാങ്കിൽ ഉള്ള ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ സേവനവും, വ്യവസായികളുടെ പരാതികൾ കേൾക്കുന്നതിനും അവ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനുമായി ലഭ്യമാണ്. കൂടാതെ സംരംഭകർക്കായി വ്യവസായ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പരിഷ്കരണങ്ങളും, നടപടിക്രമങ്ങളും, ജില്ലാ കളക്ടർ, ജില്ലാ പോലീസ് സൂപ്രണ്ട്, ജില്ലാ പോലീസ് കമ്മീഷണർ എന്നിവരുമായി ജില്ലാ തലത്തിൽ ഏകോപിപ്പിച്ചുകൊണ്ട് കാര്യക്ഷമമായി നടപ്പിൽ വരുത്തുന്നതിനായി 27.07.2021 ലെ ഉത്തരവ് പ്രകാരം വകുപ്പിലെ ഐ.എ.എസ് റാങ്കിലുള്ള 5 ഉന്നത ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുമുണ്ട്. ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട് വ്യവസായ സംരംഭങ്ങൾ നടത്തുന്നവരുടെയും പുതുതായി തുടങ്ങാൻ ആഗ്രഹിക്കുന്നവരുടെയും പരാതികളും പ്രശ്നങ്ങളും നേരിട്ട് കേൾക്കുന്നതിന് ജില്ലാ തലത്തിൽ 'മീറ്റ് ദി മിനിസ്റ്റർ' പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നുണ്ട്. പരാതി പരിഹരിക്കുന്നതിന്റെ തുടർ നടപടികൾക്ക് മേൽ നോട്ടം വഹിക്കുന്നതിന് വകുപ്പിലെ മുതിർന്ന IAS ഓഫീസർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | എങ്കിൽ ഇവർ ഇതിനകം എത്ര പരാതികൾ പരിഹരിച്ചു എന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | (സി) | സംരംഭകരുടെ പരാതികൾ പരിഹരിക്കാനായി സംരംഭം തുടങ്ങിയവരെയും തുടങ്ങാൻ ആഗ്രഹിക്കുന്നവരെയും നേരിട്ട് കാണുന്നതിനുമായുള്ള 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി |

| | | | |
|---|---|---|---|
| | | | ആരംഭിച്ചിട്ടുണ്ട്. ഇതിനകം എറണാകുളം, തിരുവനന്തപുരം, കോട്ടയം ജില്ലകളിൽ 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ച കഴിഞ്ഞിട്ടുണ്ട്. വിശദാംശങ്ങൾ താഴെപറയുന്നു. എറണാകുളം ജില്ല: സംരംഭകരുടെ പരാതികൾ പരിഹരിക്കുന്നതിന്റെ ഭാഗമായി 15/07/2021 ന് കുസാറ്റ് മിനി കോൺഫറൻസ് ഹാളിൽ വച്ച് സംരംഭം തുടങ്ങിയവരേയും തുടങ്ങാൻ ആഗ്രഹിക്കുന്നവരേയും സംഘടിപ്പിച്ച കൊണ്ട് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി നടത്തുകയുണ്ടായി. വ്യവസായ വകുപ്പ് മന്ത്രി നേരിട്ട് പങ്കെടുത്ത പരിപാടിയിൽ 169 അപേക്ഷകൾ/ പരാതികൾ ലഭിക്കുകയുണ്ടായി. ആയതിൽ 22 എണ്ണം നടപടിക്രമം പൂർത്തീകരിക്കുകയും ബാക്കിയുള്ളവയിൽ തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് 29/07/2021-ാം തീയതിയിലും 02/08/2021-ാം തീയതിയിലും പ്രിൻസിപ്പൽ സെക്രട്ടറി, ജില്ലാ കളക്ടർ എന്നിവരുടെ നേതൃത്വത്തിൽ യോഗം കൂടി മേൽ നടപടികൾ സ്വീകരിക്കുന്നതിന് നിർദേശം നൽകിയിട്ടുള്ളതുമാണ്. തിരുവനന്തപുരം ജില്ല: തിരുവനന്തപുരം ജില്ലയിൽ 16.07.2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പ്രോഗ്രാം നടത്തിയത്. ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ച പരിപാടിയിൽ ആകെ 103 അപേക്ഷകൾ ലഭിച്ചിരുന്നു. വ്യവസായ മന്ത്രിയുടെ മുമ്പാകെ 62 കേസുകൾ അവതരിപ്പിക്കുകയും 46കേസുകളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. ബാക്കി പരാതികളിന്മേൽ തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. കോട്ടയം ജില്ല : കോട്ടയം ജില്ലയിൽ 19/07/2021 നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്.പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇമെയിൽ ആയും നേരിട്ടും ജില്ലാവ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ പരിഹാരം ഉണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികൾ ഒഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ